**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.939.** **04.03.2020 ൽ മറുപടിയ്ക്ക്**

## സിന്തറ്റിക്ക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട മയക്കമരുന്നുകളുടെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.എം.ഉമ്മർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സിന്തറ്റിക്ക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സിന്തറ്റിക്ക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കമരുന്നുകളുടെ ഉപയോഗം കണ്ടുവരുന്നുണ്ടെങ്കിലും വ്യാപകമായ ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ഇത്തരം മയക്കമരുന്നുകളുടെ ഉപയോഗവും വിൽപനയും തടയുന്നതിനു ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ? | (ബി) | മയക്കമരുന്ന് ഉപയോഗം വ്യാപകമാകുന്നതിനുള്ള സാദ്ധ്യത ഗൗരവമായി പരിഗണിച്ച് സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. തത്ഫലമായി കണ്ടെടുക്കുന്ന മയക്കമരുന്ന് കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തുടങ്ങിയ വിഭാഗങ്ങളുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലഹരിക്കെതിരായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ